**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **10-08-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ കാഞ്ഞിരക്കുളം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നഗരസഭാ വാർഡ് 20-ലെ കാഞ്ഞിരക്കുളം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോട്ടക്കൽ നഗരസഭാ വാർഡ് 20-ലെ കാഞ്ഞിരക്കുളം നവീകരിക്കുന്ന പ്രവൃത്തിയുടെ 50 ലക്ഷം തുക വരുന്ന എസ്റ്റിമേറ്റിന് സാമ്പത്തികാനുമതിയ്ക്കായി 20/10/2021-ന് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ പരിമിതി മൂലം അനുമതി നല്കാൻ സാധിച്ചില്ല. പ്രസ്തുത പ്രവൃത്തി 2023-24 വർഷത്തേയ്ക്കുള്ള വർക്ക് ബഡ്ജറ്റ് വാല്യം-2 ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനായി ജല സേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഫിനാൻസ് വിഭാഗത്തിൽ നിന്നും ഫയൽ നമ്പർ F6/64087/2022 തീയതി 30/12/2022 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ കാഞ്ഞിരക്കുളം നവീകരിക്കുന്നതിനായുള്ള പ്രവൃത്തിയുടെ 50 ലക്ഷം തുകവരുന്ന എസ്റ്റിമേറ്റ് പ്രൈസ്-3 യിൽ തയ്യാറാക്കി വരികയാണ്. ആയതു ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത കുളം നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡീറ്റൈൽഡ് എസ്റ്റിമേറ്റ് റിപ്പോർട്ടും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | കാഞ്ഞിരക്കുളം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | മറുപടി എ പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ